PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION

Friday, *the 30th March 1951*

VOL. III OFFICIAL REPORT NO. 17

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Friday, the 30th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

[The numbers within brackets indicate the numbers in the list of admitted questions for the day].

Oral Answers

ചെങ്ങന്നൂർ മജിസ്ട്രേട്ടുകോടതി

*ക ക ൪൦൮. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചെങ്ങന്നൂർ ക-ാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി സ്ഥാപിച്ചിട്ട് ഇപ്പോൾ എത്ര കൊല്ലമായി;

(ബി) ടി കോടതി സ്ഥാപിച്ച കാലംമുതൽ അടുത്തകാലത്ത് പത്തനംതിട്ട ഒരു താല്ക്കാലിക (temporary first class) കോടതി കൊടുക്കുന്നതുവരേയും ചെങ്ങന്നൂർ ക-ാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുടെ അധികാരത്തിയിൽപ്പെട്ട സ്ഥലങ്ങൾ എതെല്ലാമായിരുന്നു;

(സി) ഇപ്പോൾ ചെങ്ങന്നൂർ ക-ാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുടെ അധികാരാത്തിയിൽപ്പെട്ട സ്ഥലങ്ങൾ എതെല്ലം?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨൫ കൊല്ലമായി. (ക ൦ ൻ വ-ൽ സ്ഥാപിച്ചു.)

(ബി) പത്തനംതിട്ട താലൂക്കിലെ എല്ലാ പകുതികളും, കുന്നത്തൂർ താലൂക്കിലെ എല്ലാ പകുതികളും, തിരുവല്ലാ താലൂക്കിലെ എല്ലാ പകുതികളും, മാവേലിക്കര താലൂക്കിലെ പന്തളം വടക്കേക്കര പകുതിയും, തോന്നല്ലൂർ പകുതിയും.

(സി) തിരുവല്ലാ താലൂക്കിലെ ആറന്മുള, തോട്ടപ്പുഴശ്ശേരി, എഴുമല്ലൂർ, അയിരൂർ, പന്തളം വടക്കേക്കര പകുതി ഒഴിച്ചു ബാക്കി പകുതികളും, കുന്നത്തൂർ താലൂക്കിലെ ശൂരനാട്ട്, അടൂർ, പള്ളിക്കൽ, കുന്നത്തൂർ എന്നീ പകുതികളും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആറന്മുള പകുതിയുടെ വടിഞ്ഞാറെ അറ്റത്തുനിന്നും ചെങ്ങന്നൂർ കോടതിയുടെ അത്തിയിലേയ്ക്ക് എത്ര ദൂരം വരുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഒരു രണ്ടു മൈൽ ദൂരം കാണും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ പകുതി ഇപ്പോൾ പത്തനംതിട്ട കോടതിയുടെ അധികാരാതൃത്തിയിൽ ചേത്തിരിക്കയാണെന്ന അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ പകുതി ചെങ്ങന്നൂർ മജിസ്ട്രേട്ട കോടതിയുടെ അതൃത്തിയിൽ ആക്കണമെന്ന കാണിച്ച് അപേക്ഷകൾ കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്. എന്നാൽ ഇതു തീരുമാനിച്ചിട്ടുള്ളതു ഫെബ്രുവരി മീനമാസം ഫർമാനു കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ചെങ്ങന്നൂരിൽവെച്ച് ഈ നാലു താലൂക്കുകളിലെ തഹശീൽദാരന്മാരേയും ചെങ്ങന്നൂർ എ. എസ്സ്. പി. യേയും വിളിച്ചുവരുത്തി ഒരു കോൺഫറൻസ് നടത്തിയശേഷമാണ്. ആ കോൺഫറൻസിൽവെച്ചാണ് ഈ അതൃത്തികളെല്ലാം നിശ്ചയിച്ചിട്ടുള്ളതു്. സ്ഥലവാസികൾക്ക് ഇനിയും അതേപ്പറ്റി സങ്കടമുണ്ടെങ്കിൽ കൂടുതൽ സൗകര്യമായി അതൃത്തികൾ തിരിക്കാമോ എന്നുള്ളകാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കോൺഫറൻസിൽ പൊതുജനപ്രതിനിധികളായിട്ട് ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: പൊതുജനങ്ങളുടെ എല്ലാ നിവേദനങ്ങളും പരിഗണിച്ചിട്ടാണ് ആ കോൺഫറൻസ് ഇങ്ങനെ തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ കാര്യത്തെസംബന്ധിച്ച് ചെങ്ങന്നൂർ ബാർ അസോസിയേഷന്റെ അഭിപ്രായം പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതും പരിഗണിച്ചിട്ടുണ്ടായിരിക്കണം.

ശ്രീ കണ്ണാറ ഗോപാലപ്പണിക്കർ: ആ കോൺഫറൻസിലെ തീരുമാനത്തിനുശേഷം വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്. ശ്രീ. കണ്ണാറ ഗോപാലപണിക്കർ മുഖാന്തിരംതന്നെ ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

Sri. P. Balakrishnan Tampi: May I know whether the inconvenience adverted to by my friend Mr. Kannara Gopala Panickar can be removed by shifting the First Class Magistrate's Court from Chengannur to Mavelikara?

Sri. A. J. John: Government will consider that aspect also.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഒരു കോടതി സ്ഥാപിക്കുന്നതു് ജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചാണോ, അസൗകര്യത്തെ ഉദ്ദേശിച്ചാണോ? (No answer)

കോടതി അതൃത്തി

*ഫ്രം ൽ. (ന) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചെങ്ങന്നൂരിനു് രണ്ടു മൈലിനടുത്തുള്ള ആറൻമുള പകുതിയും, നലു മൈൽ അകലമുള്ള പന്തളം വടക്കേക്കര പകുതിയും ഏതു് ഒന്നാം ക്ലസ്സ് മജിസ്ട്രേട്ടകോടതിയുടെ അതൃത്തിയാണ്?

(ബി) അങ്ങിനെ ഏർപ്പെടുത്തിയിരിക്കുന്നതു് കക്ഷികൾക്ക വളരെ അസൗകര്യമാണെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(സി) തിരുവല്ലാ താലൂക്കിൽപ്പെട്ട എതു പകുതികൾ പത്തനംതിട്ട ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടകോടതിയുടെ അതൃത്തിയിൽ ചേത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly